പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3094 13/03/2017-ൽ മറുപടിക്ക്

പി.എം.കെ.എസ്.വൈ പദ്ധതി


ചോദ്യം

ശ്രീ.അബ്ദുൾ ഹമീദ്.പി

ഉത്തരം

ശ്രീ. വി.എസ് .സുനിൽ കുമാർ
(ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | പി.എം.കെ.എസ്.വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | 2015-16 സാമ്പത്തിക വർഷം മുതൽ പി.എം.കെ.എസ്.വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകളാണ് പദ്ധതി നടപ്പിലാക്കുന്നത്. താഴെ പറയുന്ന 4 മേഖലകൾ തിരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് സ്റ്റേറ്റ് ലെവൽ സാംങ്ഷനിംഗ് കമ്മിറ്റിയുടെ (State Level Sanctioning Committee) അംഗീകാരത്തോടുകൂടി ബന്ധപ്പെട്ട നിർവ്വഹണ വകുപ്പുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>1. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനഫിറ്റ് പ്രോഗ്രാം (AIBP)<br>2. ഓരോ തുള്ളി ജലത്തിൽ നിന്നും കൂടുതൽ വിളവ് (Per Drop More Crop)<br>3. ഓരോ കൃഷിയിടത്തിനും വെള്ളം (Har Khet Ko Pani)<br>4. തണ്ണീർത്തടവികസനം (Watershed development)<br>പി.എം.കെ.എസ്.വൈ പദ്ധതിയിൽ 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നത്. 2015-16 വർഷത്തിൽ കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾക്ക് കേന്ദ്ര വിഹിതമായിട്ട് 3,045.31 ലക്ഷം രൂപ (60%) ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പിന് ലഭിച്ച കേന്ദ്ര വിഹിതമായ 352.82 ലക്ഷം രൂപയുടെ സംസ്ഥാന വിഹിതമായ 141.8 ലക്ഷം രൂപ ഉൾപ്പെടെ 494.7 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ തുക മൈക്രോ ഇറിഗേഷൻ (Micro irrigation), ആത്മ കപ്പാസിറ്റി ബിൽഡിംഗ് (ATMA Capacity Building), ജില്ലാ ഇറിഗേഷൻ പ്ലാൻ തയ്യാറാക്കൽ എന്നീ ഘടകങ്ങൾക്കാണ് നൽകിയത്. ഈ ഘടകങ്ങളുടെ നടത്തിപ്പ് പുരോഗമിച്ചു വരുന്നു. |
| (ബി) | പദ്ധതി നടപ്പിലാക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകളാണ് പി.എം.കെ. എസ്.വൈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്. കൃഷി വകുപ്പാണ് നോഡൽ ഏജൻസി. |
| (സി) | പദ്ധതിയുടെ വിഭവ സമാഹരണവും വിന്യാസവും എങ്ങനെയെന്ന് വ്യക്തമാക്കുമോ? | (സി) | പി.എം.കെ.എസ്.വൈ പദ്ധതിയിൽ 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നത്. കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്ന കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾക്ക് ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നും നേരിട്ട് ഫണ്ട് ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ